**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 322

17.12.2015- ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവർക്ക് ഏതെല്ലാം വിധത്തിലുള്ള ആനുകൂല്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) 01-04-2004 മുതൽ 31-03-2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബിപിഎൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പലിശയിളവ് അനുവദിച്ച് വരുന്നു.<br>കൂടാതെ 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് 01.04.2004 മുതൽ 31.03.2009 വരെ എടുത്ത വിദ്യാഭ്യാസ വായ്പയ്ക്ക് 2013 ഡിസംബർ 31 വരെയുള്ള പലിശ സബ്സിഡി, വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട 01.04.2009 ന് ശേഷം വിദ്യാഭ്യാസ ലോൺ എടുത്തവർക്കും പലിശ സബ്സിഡി നൽകുന്ന കേന്ദ്രപദ്ധതി നിലവിലുണ്ട്. |

**(ബി)** വിദ്യാഭ്യാസ വായ്പാ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാർ ഏതെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ ;

**(ബി)** ഉണ്ട്.

(സി) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളവരുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**(സി)** 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമൂലം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന ബിപിഎൽ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യു റിക്കവറിക്ക് മോറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 09.10.2015 ൽ അവസാനിച്ചു. പ്രസ്തുത ഉത്തരവ് 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള, പുതിയ കേന്ദ്ര സർക്കാർ സബ്സിഡിക്ക് അപേക്ഷിച്ചവർ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യു റിക്കവറി നടപടികൾക്കും 6 മാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 07.12.2015 ൽ അവസാനിച്ചതിനെ തുടർന്ന് പ്രസ്തുത മോറട്ടോറിയം 6 മാസ കാലാവധിയിലേക്ക് കൂടി ദീർഘിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു,

സെക്ഷൻ ഓഫീസർ